"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. വിനോദ് ഇ.കെ [PEN No.480194] എന്നവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം രണ്ടാം നോൺ കേഡർ പ്രമോഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.2363/2024/LSGD തീയതി;തിരുവനന്തപുരം, 04-12-2024

പരാമർശം:-
1. 29.08.2012-ലെ സ.ഉ.(പി)നം.536/2012/ധന നമ്പർ ഉത്തരവ്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 08.10.2024-ലെ LSGD / PD / 68646 / 2023 - DEH4 നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയ ശ്രീ. വിനോദ് ഇ.കെ എന്നവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം രണ്ടാം നോൺ കേഡർ പ്രമോഷൻ അനുവദിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

25-10-2007 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനത്തിൽ പ്രവേശിച്ച ശ്രീ. വിനോദ് ഇ.കെ കരിയർ അഡ്വാൻസ്മെന്റ് സ്കീമിനെ ബാധിക്കുന്ന തരത്തിലുള്ള അവധികളൊന്നും എടുത്തിട്ടില്ലാത്തതിനാൽ 24-10-2022-ന് 15 വർഷ സേവനം പൂർത്തീകരിച്ചിട്ടുണ്ട്. മാത്രവുമല്ല, ഇക്കാലയളവിൽ ടിയാന് ഒന്നാം സമയബന്ധിത ഹയർഗ്രേഡ് മാത്രമേ അനുവദിച്ചിട്ടുള്ളൂ.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. വിനോദ്. ഇ.കെ എന്നവർക്ക് 25-10-2022 തീയതി പ്രാബല്യത്തിൽ പരാമർശം(1)- ലെ വ്യവസ്ഥകൾക്കും കെ. എസ്. ആർ ഭാഗം I ചട്ടം 28 A യിലെ നിബന്ധനകൾക്കും വിധേയമായി 95,600-1,53,200 രൂപ ശമ്പള സ്കെയിലിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീമിന് കീഴിൽ രണ്ടാം നോൺ കേഡർ പ്രമോഷൻ അനുവദിച്ച്

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ് ) തൃശ്ശൂർ.
4. ശ്രീ. വിനോദ് ഇ. കെ , അസി.എക്സി.എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 05-12-2024 09:02:53
സെക്ഷൻ ഓഫീസർ